ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 13.11.2024

## പ്രധാന വാർത്തകൾ

TIME :07.25 AM

1. കേരളം ഉൾപ്പടെ 11 സംസ്ഥാനങ്ങിൽ ഇന്ന് ഉപതിരഞ്ഞെടുപ്പ് ; വയനാട് ലോക്സഭാ മണ്ഡലത്തിലും ചേലക്കര നിയമസഭ മണ്ഡലത്തിലും പോളിംഗ് ആരംഭിച്ചു.

   **By-elections are being held in 11 states including Kerala today; Polling has begun in the Wayanad Lok Sabha constituency and the Chelakkara Assembly constituency.**

2. ഝാർഖണ്ഡിൽ ആദ്യഘട്ട നിയമസഭാ തിരെഞ്ഞെടുപ്പിനുള്ള വോട്ടെടുപ്പ് പുരോഗമിക്കുന്നു ; മഹാരാഷ്ട്രയിൽ പ്രചാരണം ഊർജിതം.

   **Voting for the first phase of assembly elections is underway in Jharkhand; Campaigning is in full swing in Maharashtra.**

3. പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിൽ 12,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

   **Prime Minister Narendra Modi will inaugurate, lay the foundation stone and dedicate to the nation multiple development projects worth over 12 thousand crore rupees in the state of Bihar**

4. സിഐഎസ്എഫിൽ ആദ്യ വനിതാ ബറ്റാലിയൻ രൂപികരിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരം ; സുപ്രധാന തീരുമാനം രാജ്യ സുരക്ഷയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന്.

**Union Home Ministry approves formation of first women's battalion in CISF; The decision is to increase participation of women in national security.**

5. **കേരളത്തിൽ കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ചുള്ള ഒന്നാം തേരുത്സവം ഇന്ന്.**

**The first chariot festival in connection with the Kalpathi Ratholsavam in Kerala will take place today**

6. **ഇന്ത്യ- ദക്ഷിണാഫ്രിക്ക ട്വൻറി-20 ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഇന്ന് ; വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ദക്ഷിണ കൊറിയക്കെതിരെ ഇന്ത്യക്ക് ജയം.**

**The third match of India-South Africa T20 cricket series will be played today; Meanwhile India wins against South Korea in Women's Asian Hockey Championship.**

*****************************************************

## KERALA –GENERAL

കേരളത്തിൽ, ഉപതിരഞ്ഞെടുപ്പ് നടക്കുന്ന വയനാട്, ചേലക്കര മണ്ഡലങ്ങളിൽ പോളിങ്ങ് ആരംഭിച്ചു. രാവിലെ 7 മണി മുതൽ വൈകുന്നേരം ആറ് മണിവരെയാണ് വോട്ടെടുപ്പ്. വയനാട് പാർലമെൻറ് മണ്ഡലത്തിൽ 16 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. വയനാട്, മലപ്പുറം, കോഴിക്കോട് ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന മണ്ഡലത്തിൽ 14.71 ലക്ഷം വോട്ടർമാരാണുള്ളത്. ചേലക്കര നിയമസഭാ മണ്ഡലത്തിൽ 2.13 ലക്ഷം വോട്ടർമാരുണ്ട്. മണ്ഡലത്തിലെ 14 പ്രശ്നസാധ്യതാ ബൂത്തുകളിൽ കേന്ദ്ര സായുധ പോലീസ് ഉദ്യോഗസ്ഥരെയടക്കം വിന്യസിച്ചിട്ടുണ്ട്. പോളിങ്ങ് ബൂത്തുകളിൽ വെബ് കാസ്റ്റിങ്ങ് സംവിധാനവും ഏർപ്പെടുത്തി.

*****************************************************

## WAYANAD (INTRO)

വയനാട് ലോക്സഭാ മണ്ഡലത്തിൽ തിരഞ്ഞെടുപ്പ് സുഗമമാക്കുന്നതിനായി വെബ് കാസ്റ്റിങ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. സുരക്ഷയ്ക്കായി പൊലീസിന് പുറമേ കേന്ദ്ര സേനയേയും വിന്യസിച്ചു.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്...........**

**(ഹോൾഡ് വോയ്സ്.............)**

*******************************************************

## ELECTION STATES

കേരളത്തിന് പുറമെ, നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പത്ത് സംസ്ഥാനങ്ങളിലും വോട്ടെടുപ്പ് പുരോഗമിക്കുകയാണ്. കർണാടകയിലെ മൂന്നും ഗുജറാത്ത്, ഛത്തീസ്ഗഡ്, മേഘാലയ എന്നിവിടങ്ങളിലെ ഓരോയിടത്തും ബിഹാറിൽ നാലും അസമിൽ അഞ്ചും രാജസ്ഥാൻ, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ ആറും മധ്യപ്രദേശിലും സിക്കിമിലും രണ്ടു വീതവും മണ്ഡലങ്ങളിലാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. രാവിലെ ഏഴ് മണിക്ക് തന്നെ പോളിങ് ആരംഭിച്ചിട്ടുണ്ട്. ഈ മാസം 23-നാണ് വോട്ടെണ്ണൽ.

*******************************************************

## JHARKHAND

നിയമസഭാ തിരെഞ്ഞെടുപ്പ് നടക്കുന്ന ഝാർഖണ്ഡിൽ ആദ്യ ഘട്ടവോട്ടെടുപ്പ് ഇന്ന്. 43 മണ്ഡലങ്ങളിലാണ് ഈ ഘട്ടത്തിൽ തിരെഞ്ഞെടുപ്പ് നടക്കുന്നത്. രാവിലെ ഏഴുമണിക്ക് ആരംഭിച്ച പോളിങ് വൈകിട്ട് അഞ്ചുവരെ തുടരും. 31 മണ്ഡലങ്ങളിലെ 950 പ്രശ്നബാധിത ബൂത്തുകളിൽ വൈകിട്ട് നാലിന് വോട്ടെടുപ്പ് സമാപിക്കും. 683 സ്ഥാനാർത്ഥികളാണ് മത്സരംഗത്തുള്ളത്.

*****************************************************

## MAHARASTRA ELECTION

മഹാരാഷ്ട്രയിൽ നിയമസഭാ തെരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. പ്രധാന രാഷ്ട്രീയ കക്ഷികളുടെ നേതാക്കളെല്ലാം പ്രചാരണത്തിൽ സജീവമാണ്. സംസ്ഥാനത്തെ 288 മണ്ഡലങ്ങളിൽ ഈ മാസം ഇരുപതിന് ഒറ്റ ഘട്ടമായാണ് വോട്ടെടുപ്പ്. അതേസമയം, ഝാർഖണ്ഡിൽ രണ്ടാം ഘട്ട നിയമസഭാ തിരെഞ്ഞെടുപ്പിനുള്ള പ്രചാരണവും ഊർജിതമാണ്.

*****************************************************

## PALAKKAD ELECTION

ഈ മാസം 20 ന് ഉപതെരഞ്ഞെടുപ്പ് നടക്കുന്ന പാലക്കാട്, എൽ. ഡി. എഫ് സ്ഥാനാർഥി ഡോ. പി. സരിൻ ഇന്ന് മാത്തൂർ, പിരായിരി, കണ്ണാടി പഞ്ചായത്തുകളിൽ പ്രചാരണം നടത്തും. എൻ. ഡി. എ സ്ഥാനാർഥി സി. കൃഷ്ണകുമാർ പാലക്കാട് ഈസ്റ്റ് , മാത്തൂർ പഞ്ചായത്തുകളിലാണ് വോട്ടഭ്യർത്ഥന നടത്തുക. യുഡിഎഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലിന്റെ പ്രചാരണാർത്ഥം ഇന്നലെ യുഡിഎസ്എഫിന്റെ നേതൃത്വത്തിൽ ബുള്ളറ്റ് റൈഡ് സംഘടിപ്പിച്ചു.

*****************************************************

## PM-BIHAR

പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ബിഹാറിലെ ധർഭംഗ സന്ദർശിക്കും. 12,000 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടും.ദർഭംഗയിൽ 1,260 കോടി രൂപ മുതൽ മുടക്കിൽ സ്ഥാപിക്കുന്ന എയിംസിന്റെ തറക്കല്ലിടലും പ്രധാനമന്ത്രി നിർവഹിക്കും. 6,800 കോടി രൂപ ചിലവിൽ

പൂർത്തിയാക്കിയ വിവിധ റോഡ് – റെയിൽ വികസന പദ്ധതികളും അദ്ദേഹം ഉദ്ഘാടനം ചെയ്യും.

******************************************************

## PREZ-UT VISIT

കേന്ദ്രഭരണ പ്രദേശമായ ദാദ്ര നഗർ ഹവേലി, ദാമൻ ദിയു എന്നിവിടങ്ങളിൽ മൂന്നു ദിവസത്തെ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് സിൽവാസയിലെ നമോ മെഡിക്കൽ എജ്യുക്കേഷൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കും. വിദ്യാർഥികളുമായും അധ്യാപകരുമായും രാഷ്ട്രപതി സംവദിക്കും. തുടർന്ന് സാന്ദ ചൗക്ക് സ്കൂളിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്ന ശ്രീമതി ദ്രൗപദി മുർമു സിൽവാസയിലെ പൊതുപരിപാടിയിലും പങ്കെടുക്കും. ദിയുവിലെ ഐഎൻഎസ് ഖുക്രി സ്മാരകം രാഷ്ട്രപതി സന്ദർശിക്കും.

******************************************************

## ALL-WOMEN BATTALION OF CISF

സിഐഎസ്എഫിന്റെ ആദ്യ വനിതാ ബറ്റാലിയൻ സ്ഥാപിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അംഗീകാരം നൽകി. 53-ാമത് സിഐഎസ്എഫ് ദിനാചരണത്തോടനുബന്ധിച്ച് ആഭ്യന്തരമന്ത്രി അമിത് ഷായുടെ നിർദേശപ്രകാരമാണ് നടപടി. ദേശ സുരക്ഷയിൽ വനിതകളുടെ പങ്ക് വർദ്ധിപ്പിക്കുന്നതിനും സ്ത്രീശാക്തീകരണവും ലക്ഷ്യമിട്ടാണ് സുപ്രധാന തീരുമാനം കൈക്കൊണ്ടത്.

******************************************************

## S. JAISHANKAR (INTRO)

ആഗോള വെല്ലിവിളികളെ നേരിടുന്നതിൽ ഇന്ത്യൻ പ്രവാസി സമൂഹം ശക്തിപകരുന്നതായി വിദേശകാര്യമന്ത്രി എസ് ജയശങ്കർ. 2047 ഓടെ ഇന്ത്യയെ വികസിത രാഷ്ട്രമാക്കുന്നതിൽ പ്രവാസി സമൂഹം നിർണായക സംഭാവന നൽകുന്നത് തുടരുമെന്ന്

വിശ്വസിക്കുന്നതായും ശ്രീ ജയശങ്കർ പറഞ്ഞു. 18-ാമത് പ്രവാസി ഭാരതീയ ദിവസ് വെബ്സൈറ്റ് ന്യൂഡൽഹിയിൽ പുറത്തിറക്കുകയായിരുന്നു ശ്രീ എസ് ജയശങ്കർ.

(ഹോൾഡ് വോയ്സ്...)

*****************************************

## M T PADMA

ഇന്നലെ അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായിരുന്ന എം ടി പത്മയുടെ ഭൗതികദേഹം ഇന്ന് കോഴിക്കോടെത്തിക്കും. തുടർന്ന് ഡിസിസി ഓഫീസിൽ പൊതുദർശനം നടക്കും. നാളെയാണ് സംസ്കാരം. വാർദ്ധക്യ സഹജമായ അസുഖത്തെ തുടർന്ന് മുംബൈയിലായിരുന്നു അന്ത്യം. 1991 മുതൽ 1995 വരെ കെ. കരുണാകരൻ മന്ത്രിസഭയിൽ ഫിഷറീസ്-ഗ്രാമ വികസന-രജിസ്ട്രേഷൻ വകുപ്പ് മന്ത്രിയായിരുന്നു.

*****************************************

## PALAKKAD - KALPATHY (INTRO)

പാലക്കാട്, കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് ഇന്ന് ഒന്നാം തേരുത്സവം ആഘോഷിക്കും. രഥപ്രയാണങ്ങൾക്ക് തുടക്കം കുറിച്ച് ഇന്ന് രഥാരോഹണം നടക്കും.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.......**

(വോയ്സ്)

*****************************************

## PM NIGERIA BRAZIL GUYANA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നൈജീരിയ, ബ്രസീൽ, ഗയാന സന്ദർശനം ഈ മാസം 16 ന് ആരംഭിക്കും. പ്രസിഡൻ്റ് ബോല അഹമ്മദ് ടിനുബുവിന്റെ ക്ഷണപ്രകാരമാണ് പ്രധാനമന്ത്രിയുടെ നൈജീരിയ സന്ദർശനം. 7 വർഷത്തിന് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയയിലെത്തുന്നത്. നവംബർ 18, 19 തീയതികളിൽ നടക്കുന്ന ജി20 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി ബ്രസീലിലെ റിയോ ഡി ജനീറോയിലേക്ക് പോകും. തുടർന്ന് അദ്ദേഹം ഗയാനയും സന്ദർശിക്കും.

*******************************************

## REV. CRICKET-IND-SA

ദക്ഷിണാഫ്രിക്കക്കെതിരായ ഇന്ത്യയുടെ മൂന്നാം ട്വന്റി-20 മത്സരം ഇന്ന്. ദക്ഷിണാഫ്രിക്കയിലെ സെഞ്ചൂറിയനിലെ സൂപ്പർ സ്പോർട്ട് പാർക്ക് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം രാത്രി 8.30നാണ് മത്സരം. നാല് മത്സരങ്ങളടങ്ങിയ പരമ്പരയിൽ ഇരുടീമുകളും ഓരോ മത്സരം വീതം ജയിച്ചിട്ടുണ്ട്.

*******************************************

## WOMENS HOCKEY

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻഷിപ്പിൽ, ദക്ഷിണ കൊറിയക്കെതിരെ ഇന്ത്യക്ക് ജയം. മൂന്ന് തവണ ജേതാക്കളായ ദക്ഷിണ കൊറിയയെ 3-2 നാണ് ഇന്ത്യ പരാജയപ്പെടുത്തിയത് . ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലായിരുന്നു മത്സരം.

*******************************************

## MORN JAISHANKAR - SAUDI

വിദേശകാര്യ മന്ത്രി എസ് ജയശങ്കർ സൗദി അറേബ്യൻ വിദേശകാര്യ മന്ത്രി ഫൈസൽ ബിൻ ഫർഹാൻ അൽ സൗദ് രാജകുമാരനുമായി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച

നടത്തും. രണ്ട് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി സൗദി വിദേശകാര്യ മന്ത്രി ഇന്നലെയാണ് ഡൽഹിയിലെത്തിയത്. സൗദി അറേബ്യയുടെ ഏറ്റവും വലിയ രണ്ടാമത്തെ വ്യാപാര പങ്കാളിയാണ് ഇന്ത്യ.

***********************************************

## DRDO

ഡിആർഡിഒ-യുടെ ദീർഘദൂര ഗതി നിയന്ത്രിത ഭൂതല മിസൈലിൻറെ ആദ്യ പരീക്ഷണം ഒഡീഷയിലെ ചന്ദിപൂരിൽ നടന്നു. പരീക്ഷണം വിജയകരമായിരുന്നതായി ഡിആർഡിഒ അറിയിച്ചു. ആദ്യ പരീക്ഷണം വിജയിച്ചതിൽ ഡിആർഡിഒയേയും സായുധ സേനയെയും ബഹിരാകാശ മേഖലയിലെ വിദഗ്ധരെയും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങ് അഭിനന്ദിച്ചു.

***********************************************

## GEORGE KURIAN–VIZHINJAM

പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്യമപ്പാര് സ്ഥാപിച്ച പ്രദേശങ്ങളിൽ -കടലിൽ മത്സ്യവിത്ത് നിക്ഷേപിക്കൽ പദ്ധതിയ്ക്ക് ഇന്ന് തുടക്കമാകും. വിഴിഞ്ഞം നോർത്ത് ഹാർബറിൽ രാവിലെ നടക്കുന്ന ചടങ്ങിൽ കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ പദ്ധതി ഉദ്ഘാടനം ചെയ്യും. ദേശീയ ഫിഷറീസ് വികസന ബോർഡ് വഴിയാണ് പദ്ധതി നടപ്പാക്കുന്നത്.

***********************************************

## VICE PRESIDENT

66-ാമത് അഖിലേന്ത്യാ കാളിദാസ് സമരോഹ് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ഉദ്ഘാടനം ചെയ്തു. മധ്യപ്രദേശിലെ ഉജ്ജയിനിയിൽ സംഘടിപ്പിച്ച പരിപാടിയിൽ ഗവർണർ മംഗുഭായ് പട്ടേലും മുഖ്യമന്ത്രി മോഹൻ യാദവും പങ്കെടുത്തു. 2022–2023

വർഷത്തെ കാളിദാസ് സമ്മാൻ ലഭിച്ച എട്ട് പണ്ഡിതരെ ചടങ്ങിൽ ആദരിച്ചു.

******************************************************

## RENEWABLE ENERGY

പുനരുപയോഗ ഊർജ മേഖലയിൽ ഗണ്യമായ വളർച്ച കൈവരിച്ച് ഇന്ത്യ. ഊർജ്ജ മന്ത്രാലയം പുറത്തുവിട്ട ഏറ്റവും പുതിയ കണക്കുകൾ പ്രകാരം, പുനരുപയോഗ ഊർജ്ജ സ്ഥാപിത ശേഷി ഒരു വർഷത്തിനുള്ളിൽ 24.2 ജിഗാവാട്ട് വർദ്ധിച്ചു. മൊത്തം ഫോസിൽ ഇതര ഇന്ധന ശേഷി 211.36 ജിഗാവാട്ടായി ഉയർന്നു. സൗരോർജ്ജ മേഖലയിൽ 20.1 ജിഗാവാട്ടിന്റെ വർധനയുമുണ്ടായി.

****************************************************************************************************************************************